പാഠം 5

# നിങ്ങളുടെ പടിവാതിൽക്കകത്തുള്ള പരദേശി

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: മർക്കൊ. 12:29–31; ആവ. 10:1–19; സങ്കീ. 146:5–10; മത്തായി 7:12; ആവ. 27:19; യാക്കോബ് 1:27–2:11.**

**മനഃപാഠവാക്യം: "ആകയാൽ നിങ്ങൾ പരദേശിയെ സ്നേഹിപ്പിൻ; നിങ്ങളും മിസ്രയീം ദേശത്തു പരദേശികളായിരുന്നുവല്ലോ" (ആവ. 10:19).**

നാം കഴിഞ്ഞയാഴ്ച വായിച്ചതുപോലെ, "എല്ലാറ്റിലും മുഖ്യ കല്പന" (മർക്കൊ. 12:28) ഏതെന്ന് ശാസ്ത്രിമാരിൽ ഒരുവൻ വന്നു ചോദിച്ചപ്പോൾ ദൈവം ഏകൻതന്നെ എന്ന് ഊന്നിപ്പറഞ്ഞതിനുശേഷം യേശു ഇപ്രകാരം പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം" (മർക്കൊ. 12:30).

എന്നാൽ യേശു തുടർന്ന് ശാസ്ത്രി ചോദിക്കാത്ത ഒന്നുകൂടെ പറഞ്ഞു: "രണ്ടാമത്തേതോ: കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം എന്നത്രെ" (മർക്കൊ. 12:31) എന്നുവരികിലും "ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും ഇല്ല" എന്നുകൂടെ ഉത്തരം പറഞ്ഞു (വാ. 31).

ഇവയിൽ വലുതായി വേറെ കല്പനയില്ല. ദൈവത്തോടുള്ള സ്നേഹവും ഒരുവന്റെ അയൽക്കാരനോടുള്ള സ്നേഹവും കോർത്തിണക്കി യേശു ഒരു കല്പനയാക്കി. അത് എല്ലാറ്റിലും വലിയ കല്പന.

പുതുതായ ഒന്നുമായി യേശു വന്നില്ല. യെഹൂദന്മാർ മുമ്പു കേട്ടിട്ടില്ലാത്ത ഒരു കാര്യമാണിത്. അവനെ പരമോന്നതമായി സ്നേഹിക്കുന്നതിനുള്ള വിളി – നമുക്കു ദൈവത്തോടുള്ള സ്നേഹം പ്രകടമാക്കുന്ന വിധമെന്നവിധം ഒരുവന്റെ അയൽക്കാരനെയും മറ്റുള്ളവരെയും സ്നേഹിക്കണമെന്നുള്ള ആശയം ആവർത്തനപുസ്തകത്തിൽനിന്നും എടുത്തിട്ടുള്ളതാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 30 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## നിങ്ങളുടെ ഹൃദയങ്ങളെ പരിച്ഛേദന ചെയ്വിൻ

ആവർത്തനം 9-ാം അദ്ധ്യായത്തിന്റെ തുടർച്ചയായ 10-ാം അദ്ധ്യായമാണ് ദൈവം അടിസ്ഥാനപരമായി യിസ്രായേലുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ സ്ഥിരീകരണം നടത്തുന്നത്. വാസ്തവത്തിൽ, ഈ പുസ്തകത്തിന്റെ അധികഭാഗവും ഉടമ്പടിയുടെ ഒരു തരത്തിലുള്ള പുതുക്കലാണ്. മോശെ അല്പസമയം അവിടെ ഇല്ലാതിരുന്നപ്പോൾ, പെട്ടെന്ന് അതായത് ഹോരേബിൽവച്ച് അവർ ഭയങ്കര പാപം ചെയ്തതിനു ശേഷംപോലും ദൈവം അവരെ കൈവിട്ടില്ല.

**വായിക്കുക: ആവ. 10:1-11. ദൈവം തന്റെ ജനത്തോട് അവരുടെ പപം ക്ഷമിക്കുകയും അവരോടും അവരുടെ പിതാക്കന്മാരോടും ചെയ്ത ഉടമ്പടി സ്ഥിരീകരിക്കുകയുമായിരുന്നു എന്നു മനസ്സിലാക്കുവാൻ സഹായിക്കുന്ന എന്താണ് ഇവിടെ നടക്കുന്നത്?**

ഉടമ്പടി ലംഘിക്കപ്പെട്ടതിന്റെ ഒരു അടയാളമെന്നവിധം പത്തു കല്പന എഴുതിയിരുന്ന കൽപലകകൾ എറിഞ്ഞുടച്ചു (ആവ. 9:17). "അവരുടെ കുറ്റത്തോടുള്ള വെറുപ്പു കാണിക്കുന്നതിന് മോശെ കല്പലകകൾ താഴെ എറിയുകയും ജനത്തിന്റെ ദൃഷ്ടിയിൽ അവ ഉടയുകയും ചെയ്തു. അങ്ങനെ, അവർക്കു ദൈവത്തോടുണ്ടായിരുന്ന അവരുടെ ഉടമ്പടി ലംഘിച്ചത് സൂചിപ്പിച്ചതുപോലെ, ദൈവത്തിന് അവരോടുള്ള ഉടമ്പടിയും അവൻ ലംഘിച്ചു." - എലൻ ജി. വൈറ്റ്, ഗോത്രപിതാക്കന്മാരും പ്രവാചകന്മാരും, പേജ് - 320.

അങ്ങനെ, "മുമ്പിലത്തേവപോലെതന്നെ" പുതിയ കല്പലക വെട്ടിയെടുത്ത് കൊണ്ടുവരുന്നതിന് ദൈവം മോശെയോടു പറഞ്ഞ വസ്തുതയും മുമ്പിലത്തെ കല്പലകകളിൽ എഴുതിയ അതേ വാക്കുകൾതന്നെ അവയിൽ എഴുതിയതും കാണിക്കുന്നത് ദൈവം അവരോടു ക്ഷമിച്ചു എന്നും അപ്പോഴും അവരെ കൈവിട്ടില്ല എന്നുമാണ്.

**വായിക്കുക: ആവ. 10:14-16. ദൈവം അവരോടു പറയുന്നത് എന്താണ്? ദൈവം ഇവിടെ ഉപയോഗിച്ച സാദൃശ്യങ്ങളുടെ അർത്ഥമെന്താണ്?**

അഗ്രചർമ്മം, ഹൃദയം, കഴുത്ത് എന്നീ സാദൃശ്യങ്ങളുടെ ഒരു മിശ്രണം ഇവിടെ ഉണ്ട്. എന്നിരുന്നാലും വിഷയം വ്യക്തമാണ്. പരിച്ഛേദന ഉടമ്പടിയുടെ ഒരടയാളമായിരുന്നു. എന്നാൽ ഇത് ബാഹ്യമായ ഒരടയാളം മാത്രമാണ്. ദൈവത്തിന് ആവശ്യമായിരുന്നത് അവരുടെ ഹൃദയമാണ്. അതായത് അവരുടെ മനസ്സ്, സ്നേഹം, വാത്സല്യം എന്നിവയാണ്. ദൈവത്തെ അനുസരിക്കുന്നതിലുള്ള അവരുടെ മനസ്സൊരുക്കമില്ലായ്മയിൽ അവർ എത്ര കഠിനഹൃദയരാണെന്നതാണ് അവരുടെ വഴങ്ങാത്ത സാദൃശം കാണിക്കുന്നത്. അടിസ്ഥാനപരമായി, ഇവിടെയും മറ്റുള്ളിടത്തും അവരുടെ വിഭജിക്കപ്പെട്ട വിശ്വസ്തത അവസാനിപ്പിക്കുന്നതിനും അവരുടെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടുംകൂടെ അവനെ സേവിക്കുന്നതിനുമാണ് ദൈവം ഇവിടെ അവരോട് ആവശ്യപ്പെടുന്നത്.

**നിങ്ങളുടെ പാപങ്ങളെ ദൈവം ക്ഷമിച്ചുതരുന്ന എല്ലാ സമയങ്ങളെയുംപറ്റി ചിന്തിച്ചുനോക്കുക. അത് അവന്റെ കൃപയെപ്പറ്റി നിങ്ങളോട് എന്തുപറയണം?**

## നിങ്ങൾ പരദേശിയെ സ്നേഹിപ്പിൻ

ഈ പ്രബോധനങ്ങളുടെ മദ്ധ്യേ, മോശെ ഇങ്ങനെ പ്രഖ്യാപിക്കുന്നു: "ഇതാ, സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗവും ഭൂമിയും അതിലുള്ളതൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്കുള്ളവയാകുന്നു" (ആവ. 10:14). ദൈവത്തിന്റെ പരമാധികാരത്തിന്റെ എന്തൊരു ശക്തമായ പ്രകടനം, ബൈബിളിലെ മറ്റിടങ്ങളിലും ഈ ആശയം കാണപ്പെടുന്നു: "ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു" (സങ്കീ. 24:1).

**വായിക്കുക: ആവ. 10:17–19. ഇവിടെയും ദൈവത്തെ സംബന്ധിച്ച മറ്റെന്തു പ്രഖ്യാപനങ്ങൾ മോശെ ഉണ്ടാക്കുന്നു? അതിലും പ്രധാനമായി, ആ പ്രഖ്യാപനത്തിന്റെ ഒരു ഫലമെന്നവിധം അവന്റെ ജനത്തിൽനിന്ന് ദൈവം എന്തു കല്പിക്കുന്നു?**

യഹോവ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും പരാധികാരി മാത്രമല്ല, അവൻ "ദേവാധി ദൈവവും കർത്താധികർത്താവും" കൂടിയാണ് (ആവ. 10:17). അവർക്കു ചുറ്റുമുള്ള അജ്ഞാനമതക്കാർ ആരാധിച്ചിരുന്ന സങ്കല്പദേവന്മാരെപ്പോലെ മറ്റു ദേവന്മാരോ, ചെറിയ ദേവന്മാരോ ഉണ്ട് എന്ന് ഇത് അർത്ഥമാക്കുന്നില്ല. അവൻ മാത്രമാണ് ദൈവമെന്ന ഒരു സംസാരരീതിയെക്കാൾ ("ഞാൻ, ഞാൻ മാത്രമേയുള്ളു; ഞാനല്ലാതെ ദൈവമില്ല എന്ന് ഇപ്പോൾ കണ്ടുകൊൾവിൻ" (ആവ. 32:39). സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉള്ള യാഥാർത്ഥ്യമോ സാങ്കല്പികമോ ആയ മറ്റെല്ലാ അധികാരങ്ങൾക്കും മേലായി ഇത് അവന്റെ പരമാധികാരത്തെ ഉറപ്പിക്കുന്നു.

അവൻ "മഹാ ദൈവവും മുഖപക്ഷം കാണിക്കുകയോ കൈക്കൂലി വാങ്ങിക്കുകയോ ചെയ്യാത്ത ശക്തനും ഭയാവഹനുമായ" ദൈവമാണെന്ന് ഈ വാക്യം പറയുന്നു. ഇവയെല്ലാം യഹോവ നിന്റെ ദൈവമാണെന്നും നീയും അവന്റെ ജനവും അവനെ അനുസരിക്കേണ്ടതാണെന്നുമുള്ള വലിയ സന്ദേശത്തിന്റെ ഭാഗമാണ്. എന്തൊരു ശക്തിയേറിയ വൈപരീത്യമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതേ, അവൻ ദേവാധിദൈവവും കർത്താധികർത്താവും പരമാധികാരിയും സൃഷ്ടിയുടെ പരിപാലകനും ആണ് (കൊലൊ. 1:16,17). എന്നാൽ അവൻ അനാഥരെയും വിധവമാരെയും പരദേശിയെയും കരുതുന്നവനുമാണ്. അവരുടെ തൽക്ഷണമായ ശാരീരികാവശ്യങ്ങൾക്കു ശുശ്രൂഷ ചെയ്യുന്നതിലൂടെ അവൻ ആ കരുതൽ കാണിക്കുകയും ചെയ്യുന്നു. ഒരു കുരികിൽ നിലത്തു വീഴുമ്പോൾ അറിയുന്ന ദൈവം (മത്തായി 10:29), സമൂഹത്തിലെ ആവശ്യങ്ങളുടെ അവസ്ഥയും അറിയുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരാണ്, നിങ്ങൾ പ്രത്യേകജനമാണ്, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്നിവയെല്ലാം ശരിയാണ്. എന്നാൽ ഞാൻ മറ്റുള്ളവരെയും സ്നേഹിക്കുന്നു. നിങ്ങളുടെയിടയിൽ ആവശ്യങ്ങളിലിരിക്കുന്നവരെയും നിസ്സഹായരെയും ഉൾപ്പെടെ എല്ലാവരെയും സ്നേഹിക്കുന്നു എന്നാണ് ദൈവം ജനത്തോട് പറയുന്നത്. ഞാൻ അവരെ സ്നേഹിക്കുന്നതുപോലെ നിങ്ങളും അവരെ സ്നേഹിക്കേണം. ഇതു നിങ്ങളുടെ ഉടമ്പടി ബാദ്ധ്യതകളിൽ ഒരെണ്ണവും പ്രധാനപ്പെട്ടതുമാണ്.

**വായിക്കുക: സങ്കീ. 146:5–10. ഇവിടെ ദൈവം പറയുന്നതിനെ പ്രതിഫലിപ്പിക്കുന്ന സങ്കീർത്തനത്തിന്റെ സന്ദേശമെന്താണ്, ക്രിസ്ത്യാനികളെന്നവിധം ഇത് ഇന്നു നമുക്ക് എന്ത് അർത്ഥമാക്കണം?**

## നിങ്ങൾ മിസ്രയീമിൽ പരദേശികളായിരുന്നുവല്ലോ

**"ആകയാൽ നിങ്ങൾ പരദേശിയെ സ്നേഹിപ്പിൻ; നിങ്ങളും മിസ്രയീം ദേശത്തു പരദേശികളായിരുന്നുവല്ലോ" (ആവ. 10:19). ഇവിടെ പുരാതന യിസ്രായേലിനുള്ള സന്ദേശമെന്താണ്? ഈ വാക്യത്തിൽനിന്നും നമുക്കുള്ള സന്ദേശമെന്തായിരിക്കണം?**

നൂറ്റാണ്ടുകൾക്കുമുമ്പ് ദൈവം അബ്രാഹമിനോട് ഇങ്ങനെ പറഞ്ഞു: "നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്തു നാനൂറു സംവത്സരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും. അവർ അവരെ പീഡിപ്പിക്കുമെന്ന് നീ അറിഞ്ഞുകൊൾക" (ഉല്പ. 15:13. 17:8 അ.പ്ര. 13:17 കൂടെ വായിക്കുക). തീർച്ചയായും സംഭവിച്ചത് ഇതാണ്. പുറപ്പാട് പുസ്തകം ആദ്യ അദ്ധ്യായങ്ങളിൽ മിസ്രയീമിൽനിന്നുമുള്ള അവരുടെ വീണ്ടെടുപ്പിന്റെയും (പുറ. 15:13) രക്ഷയുടെയും (പുറ. 14:13) നാടകീയമായ ചരിത്രം ഭാവിതലമുറയ്ക്കുവേണ്ടി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് ക്രിസ്തുയേശുവിലൂടെ നമുക്കു നല്കപ്പെട്ടിരിക്കുന്ന വീണ്ടെടുപ്പിന്റെയും രക്ഷയുടെയും ഒരു അടയാളവും പ്രതീകവുമാണിത്. ഈ വാക്യത്തിൽ, അവർ എവിടെയായിരുന്നു എന്നും എന്തായിരുന്നു എന്നും ഓർക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നിങ്ങൾ സമൂഹത്തിലെ ആവശ്യങ്ങളുടെ അവസ്ഥകളിൽപ്പെട്ടു കിടക്കുകയും അശരണരും അടിമകൾപോലും ആയിരുന്നപ്പോൾ, നിങ്ങളെക്കാളും ബലവാന്മാരായവരുടെയും നിങ്ങളെ നിന്ദിക്കുവാൻ കഴിഞ്ഞിരുന്നവരുടെയും, വാസ്തവത്തിൽ പലപ്പോഴും അവർ അതു ചെയ്തു, കരുണയിൽ ആയിരുന്നു. യിസ്രായേൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും ദൈവത്താൽ വിളിക്കപ്പെട്ടവരും ഒരു രാജകീയ പുരോഹിതവർഗ്ഗവും (പുറ. 19:6) ആയിരുന്നെങ്കിലും അവർക്കും അവരുടെ ഇടയിലുണ്ടായിരുന്ന പരദേശികളും തമ്മിൽ, പ്രത്യേകിച്ച് മതാചാരങ്ങൾ സംബന്ധിച്ച്, ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും, "മനുഷ്യാവകാശങ്ങളി" ലേക്കു വന്നപ്പോൾ, പരദേശികൾ, വിധവമാർ, അനാഥർ എന്നിവർക്കു, യിസ്രായേല്യർ ആഗ്രഹിച്ച അതേ നീതിയും ന്യായവും ആവശ്യമായിരുന്നു.

**വായിക്കുക: മത്തായി 7:12. എപ്രകാരം യിസ്രായേല്യരുടെയിടയിലുള്ള ബലഹീനരായവരെ അവർ കരുതണമെന്നതിനെപ്പറ്റി പൗരാണിക യിസ്രായേലിനോട് ദൈവം പറഞ്ഞിരുന്നതിനെ ഈ വാക്യം എങ്ങനെയാണ് ഗുളികരൂപത്തിലാക്കുന്നത്?**

അശരണരെ എങ്ങനെ കരുതണമെന്നതിനെപ്പറ്റി യിസ്രായേല്യർക്കു കൊടുത്തതും മുകളിൽ കാണപ്പെടുന്നതുമായ ഈ ഉപദേശം ഒരു രീതിയിലും, ചില കാര്യങ്ങളിൽ അതു നല്ലതായിരുന്നാൽപോലും, മൃഗങ്ങളെക്കാളും ഹീനമായി കണക്കാക്കിയിരുന്ന പൗരാണിക ലോകത്തിൽ മാനദണ്ഡമായിരുന്നില്ല. അതിലും വ്യത്യസ്തമായി, യിസ്രായേൽ വ്യത്യസ്തമായിരിക്കണം, ജാതികൾക്ക് ഒരു വെളിച്ചമായിരിക്കണം. അതേ, ആ വ്യത്യാസം അവർ ആരാധിച്ചിരുന്ന ദൈവത്തിലും അവർ എങ്ങനെ ആരാധിച്ചിരുന്നു എന്നതിലും അവർക്കു ദൈവം കൊടുത്തിരുന്ന സത്യത്തിന്റെ മൊത്തമുള്ള മതവ്യവസ്ഥയിലും കാണപ്പെടണം. എന്നിരുന്നാലും അശരണരോടുള്ള അവരുടെ ദയയോടുകൂടിയ ഇടപെടൽ, അവരുടെ ദൈവത്തിന്റെ ലോകത്തോടുള്ള ഒരു സാക്ഷീകരണമായിരിക്കുന്നതിന് ഒരർത്ഥത്തിൽ, അവരുടെ അസ്തിത്വത്തിന്റെ വിഷയമായ അവരുടെ ദൈവത്തിന്റെ അധീശത്വത്തിന്റെ ലോകത്തിനും അവരുടെ വിശ്വാസത്തിനും ശക്തമായ ഒരു സാക്ഷ്യമായിരിക്കണം.

## നീതിയോടെ ന്യായം വിധിക്കുക

വിശ്വാസികളെന്നനിലയിൽ, ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. പൗലൊസ് എഴുതി: "ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം... എങ്കിൽ കൊള്ളാമായിരുന്നു" (ഗലാ. 4:19,20). എന്നിരിക്കിലും നാം ആദിയിൽ "ദൈവത്തിന്റെ സ്വരൂപത്തിൽ" സൃഷ്ടിക്കപ്പെട്ടു (ഉല്പത്തി 1:27). ഈ സ്വരൂപം പിന്നീട് വികൃതമാക്കപ്പെട്ടു. നാം കണ്ടതുപോലെ, ദൈവത്തിന്റെ ശക്തിയെയും തേജസ്സിനെയുംകുറിച്ച് മോശെ സംസാരിച്ചപ്പോൾ ബലഹീനരെയും അശരണരെയും കരുതുന്നതിന് ദൈവം കൈക്കൂലി വാങ്ങിച്ചില്ലെന്നു പറഞ്ഞു. ദൈവം ഇതു ചെയ്യുന്നത് നാമിതുപോലെ ചെയ്യുന്നതിനാണ്.

താഴെക്കാണുന്ന വാക്യങ്ങൾ വായിക്കുക. അവയിൽ പൊതുവെയുള്ള വിഷയം എന്താണ്?

ആവ. 1:16

ആവ. 16:19

ആവ. 24:17

ആവ. 27:19

പണം, അധികാരം, ബന്ധങ്ങൾ എന്നിവയുള്ളവർക്കു കിട്ടുന്ന അതേതരം നീതി ബലഹീനർ, പാവപ്പെട്ടവർ, അശരണർ എന്നിവർക്കു (മിക്കവാറും മനുഷ്യക്കോടതികളിൽ) കിട്ടുന്നില്ല എന്നത് ഒരു പഴഞ്ചൊല്ലാണ്. രാഷ്ട്രം, കാലഘട്ടം, സംസ്കാരം, വേണ്ട, നീതിന്യായത്തിന്റെയും നീതിനിർണ്ണയത്തിന്റെയും ഉന്നതതത്വങ്ങൾ എന്നിവ ഭരണഘടനയിലോ നിയമാവലിയിലോ രേഖപ്പെടുത്തിയിരിക്കുന്നത് ഉന്നതമായിരുന്നാലും അതൊരു വിഷയമാകുന്നില്ല; യാഥാർത്ഥ്യം അതുപോലെ ശേഷിക്കുന്നു: മറ്റുള്ളവർക്കു ലഭിക്കുന്ന നീതി പാവപ്പെട്ടവർക്കും ബലഹീനർക്കും അശരണർക്കും ലഭിക്കുന്നില്ല.

ദൈവംതന്നെ പറയുകയായിരുന്നതിനെ സംബന്ധിച്ച് അത്ര ശ്രദ്ധേയമായിരിക്കുന്നത് അതാണ്. എല്ലായിടത്തും നടമാടുന്ന ന്യായരഹിതമായ പ്രവർത്തനങ്ങൾ യിസ്രായേലിൽ ദൈവത്തെ പ്രതിനിധീകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന ദൈവജനങ്ങളുടെയിടയിൽ നടമാടുവാൻ പാടില്ല. ഒരർത്ഥത്തിൽ, ആധുനിക യുഗത്തിൽനിന്നും ഒരാവിഷ്കരണരീതി ഉപയോഗിക്കുക എന്നത് പൗരാണിക യിസ്രായേലിൽ "നിയമത്തിൻ കീഴിൽ തുല്യന്യായം" ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു എന്നതാണ്.

എന്നാൽ ഇതു വെറും നിയമത്തിന്റെ തത്വസംഹിതയെക്കാളും ആഴമായിപ്പോലും പോകുന്നു. "നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (ലേവ്യ. 19:2). അതെ, അവർ സത്യദൈവം ആരാണെന്ന് അറിഞ്ഞു. ശരിയായ ആരാധനാരൂപം അവർക്കുണ്ടായിരുന്നു. ശരിയായവിധമുള്ള വഴിപാടുകൾ അവർ കൊണ്ടുവന്നു. എന്നാൽ അന്ത്യത്തിൽ, അവരുടെയിടയിലുള്ള ബലഹീനരോടും പാവപ്പെട്ടവരോടും തെറ്റായി പെരുമാറുകയായിരുന്നെ

ങ്കിൽ ഇവയെല്ലാം എന്ത് നന്മയായിരുന്നു? യിസ്രായേലിലെ പാവപ്പെട്ടവരെയും ആവശ്യങ്ങളിലിരുന്നവരെയും അടിച്ചമർത്തിയിരുന്നവർക്കെതിരെ പ്രവാചകന്മാരിലൂടെ ദൈവം തുടരെത്തുടരെ ശാസന ഉയർത്തിയിരുന്നു. നിങ്ങൾക്കു വിശുദ്ധരായിരിക്കുവാനും അതേ സമയംതന്നെ മറ്റുള്ളവരോടു മോശമായി പെരുമാറുവാനും കഴിയും? എത്ര കർക്കശമായി നിങ്ങൾ മതാചാരങ്ങൾ പാലിച്ചാലും ഇതു സാധിക്കുകയില്ല.

**വായിക്കുക: ആമോസ് 2:6; 4:1; 5:11; യെശ. 3:14,15; 10:1,2; യിരെ. 2:34. പുരാതന യിസ്രായേലിനു ദൈവംകൊടുത്തിരുന്ന മുന്നറിയിപ്പുകളെ പ്രതിഫലിപ്പിക്കുന്ന പ്രവാചകന്മാരുടെ ചൊല്ലുകളെന്തൊക്കെയാണ്? ഈ വാക്യങ്ങൾ ഇന്നു നമ്മോടു പറയുന്നത് എന്തൊക്കെയാണ്?**

## ദൈവമുമ്പാകെയുള്ള നിർമ്മലമതം

**വായിക്കുക: ആവ. 24:10–15. നമ്മുടെ നിയന്ത്രണത്തിൻകീഴിലുള്ളവരെ എങ്ങനെ കരുതണമെന്നതിനെക്കുറിച്ച് ഇവിടെ പരാമർശിച്ചിരിക്കുന്ന പ്രധാനതത്വങ്ങൾ എന്തൊക്കെയാണ്?**

വീണ്ടും, മാനവികതയുടെ മാന്യതയുടെ അടിസ്ഥാനം എന്നതിനോടുള്ള ദൈവത്തിന്റെ കരുതൽ നാം ഇവിടെ കാണുന്നു. അതെ, ആരെങ്കിലും നിങ്ങൾക്ക് എന്തെങ്കിലും കടം വീട്ടാനുണ്ടായിരിക്കുന്നു, അത് തിരിച്ചെടുക്കുവാൻ സമയമായി - എന്നാൽ ആ വ്യക്തിയോട് അല്പം ബഹുമാനമോ ഒരു അല്പം മാന്യതയോ നിങ്ങൾ കാണിക്കുമോ? അങ്ങോട്ടുചെന്ന് മുട്ടി ആവശ്യപ്പെടരുത്. അതിനുപകരം പുറത്തു കാത്തിരിക്കുക, അയാൾ വന്ന് അതു നിങ്ങൾക്കു തരട്ടെ. ഒരു ദരിദ്രൻ അവന്റെ പുതപ്പ് നിങ്ങൾക്ക് "വായ്പയ്ക്ക് ഈടായി" തരുകയാണെങ്കിൽ, രാത്രിയിൽ അയാൾ അത് പുതച്ചു കിടന്നുറങ്ങുവാൻ നിങ്ങൾ അയാളെ കുറഞ്ഞത് അനുവദിക്കണമെന്ന് ആവർത്തനം 24:12,13 വാക്യങ്ങൾ പറയുന്നു. വളരെ എളുപ്പത്തിൽ അടിച്ചമർത്തപ്പെടുവാൻ കഴിയാമാകുന്ന ഒരു ദരിദ്രൻ ഒരുവനുവേണ്ടിയോ ഒരുവൾക്കുവേണ്ടിയോ വേല ചെയ്യുകയാണെങ്കിൽ ആ ദരിദ്രനോട് എങ്ങനെ പെരുമാറണമെന്നതിനെപ്പറ്റി മറ്റുവാക്യങ്ങൾ പരാമർശിക്കുന്നു. അവനെ അടിച്ചമർത്തരുത്, കാരണം ദൈവമുമ്പാകെ അത് പാപമാണ്, തീർച്ചയായും ദാരുണമായ ഒന്നാണ്. വീണ്ടും, യിസ്രായേൽ ഒരു സാക്ഷിയായിരിക്കണമെങ്കിൽ, തെറ്റിലും വിഗ്രഹാരാധനയിലും തിന്മയിലും പാപത്തിലുമാണ്ടുപോയ ഒരു ലോകത്തിൽ സത്യത്തിൽ നടക്കുന്ന ഒരു വിശുദ്ധജനമായിരിക്കണമെങ്കിൽ, അവരുടെയിടയിൽ, ഏറ്റവും അശരണരായവരോടും ബലഹീനരോടും അവർ ദയയുള്ളവരായിരിക്കണം. ഇല്ലായെങ്കിൽ അവരുടെ സാക്ഷ്യം ഏതുമല്ലാത്തതായിരിക്കും.

**വായിക്കുക: യാക്കോബ് 1:27–2:11. ദൈവം ആവർത്തനപുസ്തകത്തിൽ തന്റെ ജനത്തോട് പറയുകയായിരുന്നതിനെ പ്രതിഫലിക്കുന്ന എന്താണ് ഇവിടെ യാക്കോബ് പറയുന്നത്? ദരിദ്രരോടു തെറ്റായി പെരുമാറുന്നതിനോട് യാക്കോബ് ഇവിടെ 10 കല്പനയെ കൂട്ടിച്ചേർക്കുന്ന വസ്തുതയിൽ എന്തു പ്രാധാന്യമാണുള്ളത്?**

പത്തു കല്പനയിൽ കാണപ്പെടുന്ന ഒന്നുംതന്നെ ധനവാനും ദരിദ്രനും തമ്മിൽ പക്ഷഭേദം കാണിക്കുന്നതിനെപ്പറ്റി പ്രത്യക്ഷത്തിൽ പരാമർശിക്കുന്നില്ലെങ്കിലും, കല്പന അക്ഷരംപ്രതി പാലിക്കുകയും അതേ സമയം ദരിദ്രനോടും ആവശ്യങ്ങളിലിരിക്കുന്നവരോടും മോശമായി പെരുമാറുകയും ചെയ്യുന്നത് അവന്റെ വിശ്വാസത്തിനും കല്പന അനുസരിക്കുന്നു എന്ന അവകാശത്തിനും ഒരു പരിഹാസമായി മാറുന്നു. നിങ്ങളുടെ അയൽക്കാരനെ നിങ്ങളെപ്പോലെതന്നെ സ്നേഹിക്കുന്നത് ദൈവകല്പനകളുടെ ഏറ്റവും ഉന്നതമായ പ്രകടനമാണ്. യാക്കോബിന്റെ കാലത്തിലെന്നപോലെ ഇത് ഇന്നത്തെ ഏതൽക്കാല സത്യമാണ്. വിശുദ്ധനാടിന്റെ അതിർത്തിയിൽവച്ച് മോശെ യിസ്രായേലിനോടു സംസാരിച്ചപ്പോഴും ഇത് അങ്ങനെതന്നെയായിരുന്നു.

**കല്പനാനുസരണം ഗൗരവമായി എടുക്കുന്ന സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരനെന്ന നിലയിൽ യാക്കോബിലെയും ആവർത്തനപുസ്തകത്തിലെയും വാക്കുകൾ**

**എന്തുകൊണ്ട് ഗൗരവമായി എടുക്കണം? നമ്മുടെയിടയിലുള്ള ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും സഹായിക്കുന്നതിനുള്ള നമ്മുടെ തീരുമാനം, കല്പന അനുസരിക്കണമെന്നുള്ള നമ്മുടെ വിശ്വാസത്തെ യാക്കോബിൽ നാം വായിച്ച വേദഭാഗം എന്തുകൊണ്ട് ബലപ്പെടുത്തുക മാത്രം ചെയ്യുന്നു?**

## കൂടുതൽ പഠനത്തിന്:

ദാവീദ്, ശലോമോൻ എന്നിവരുടെ നല്ല കാലങ്ങളിൽപോലും യിസ്രായേൽ ജനം ദൈവത്താൽ ഏറ്റവുമധികം അനുഗ്രഹിക്കപ്പെടാമായിരുന്നു എന്നും അപ്പോൾ ത്തന്നെ അവരുടെയിടയിലുണ്ടായിരുന്ന ദരിദ്രരെയും നിസ്സഹായരെയും അശരണ രെയും അടിച്ചമർത്താമായിരുന്നു എന്നും സങ്കല്പിക്കുന്നത് അത്ര പ്രയാസമാണ്.

“അങ്ങനെ നിങ്ങൾ എളിയവനെ ചവിട്ടിക്കളകയും അവനോട് കോഴയായി ധാന്യം വാങ്ങുകയും ചെയ്യുന്നതിനാൽ നിങ്ങൾ വെട്ടുകല്ലുകൊണ്ട് വീടു പണിയും; അതിൽ പാർക്കയില്ലതാനും; നിങ്ങൾ മനോഹരമായ മുന്തിരിത്തോട്ടങ്ങൾ ഉണ്ടാക്കും; അവ യിലെ വീഞ്ഞു കുടിക്കയില്ല താനും. നീതിമാനെ ക്ലേശിപ്പിച്ചു കൈക്കൂലി വാങ്ങു കയും ഗോപുരത്തിങ്കൽ ദരിദ്രന്മാരുടെ ന്യായം മറിച്ചുകളകയും ചെയ്യുന്നവരേ, നിങ്ങ ളുടെ അതിക്രമങ്ങൾ അനവധിയും നിങ്ങളുടെ പാപങ്ങൾ കഠിനവും എന്നു ഞാൻ അറിയുന്നു” (ആമോസ് 5:11,12).

“യഹോവ തന്റെ ജനത്തിന്റെ മൂപ്പന്മാരോടും പ്രഭുക്കന്മാരോടും ന്യായവിസ്താ രത്തിൽ പ്രവേശിക്കും; നിങ്ങൾ മുന്തിരിത്തോട്ടം തിന്നുകളഞ്ഞു; എളിയവരോട് കവർന്നെടുത്തത് നിങ്ങളുടെ വീടുകളിൽ ഉണ്ട്” (യെശ. 3:14).

## ചർച്ചാചോദ്യങ്ങൾ

1. യിസ്രായേൽ മിസ്രയീമിൽ "പരദേശികൾ" ആയിരുന്നു എന്നത് അവർ ഓർക്കേണ്ടതുണ്ട്, അവർ മിസ്രയീമിൽ അശരണർ ആയിരുന്നപ്പോൾ അവരോട് എങ്ങനെ പെരുമാറണമെന്ന് അവർ ആഗ്രഹിച്ചുവോ അതുതന്നെ യാണ് അവർ യിസ്രായേലിലെ പരദേശികളെയും അശരണരെയും കരുതണമെന്നുണ്ടായിരുന്നതിന്റെ ഒരു കാരണം. സുവിശേഷത്തോടും യേശുവിന്റെ രക്തത്തിലൂടെ പാപത്തിന്റെ അടിമത്വത്തിൽനിന്നും നാം സ്വത ന്ത്രരാക്കപ്പെടുന്നു എന്ന ആശയത്തോടും ഈ സത്യം എങ്ങനെ ബന്ധപ്പെടുന്നു? നാം മറ്റുള്ളവരെ, പ്രത്യേ കിച്ച് നമ്മുടെയിടയിലുള്ള നിസ്സഹായരെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ, യേശു നമുക്കുവേണ്ടി ചെയ്തത്, എന്തുകൊണ്ട്, ഏതെല്ലാം സമാന്തരവഴികളിൽ നമ്മെ സ്വാധീനിക്കുന്നു?
2. ഇതിനെപ്പറ്റി ചിന്തിക്കുക. ശരിയായ ദിവസത്തിൽ നമുക്ക് ആരാധിക്കാം മരണം, നരകം, മൃഗത്തിന്റെ മുദ്ര എന്നു തുടങ്ങിയുള്ള വിഷയങ്ങളുടെ സത്യം നമുക്കു മനസ്സിലാക്കാം. അത് നല്ലതാണ്. എന്നാൽ, നാം മറ്റു ള്ളവരെ അസഭ്യം പറയുകയോ, നമ്മുടെ ഇടയിലുള്ള ബലഹീനരെ അടിച്ചമർത്തുകയോ അല്ലെങ്കിൽ ഒരു സാഹചര്യത്തെ ന്യായം വിധിക്കേണ്ടി വരുമ്പോൾ നീതി നടപ്പിലാക്കാതിരിക്കുകയോ ചെയ്താൽ ഇതെല്ലാം എന്ത് അർത്ഥമാക്കും. പ്രത്യേകിച്ച് നമുക്കുള്ള സത്യം കാരണം, എങ്ങനെയെങ്കിലും വെറുതെ ആ സത്യം അറിഞ്ഞിരിക്കുക മാത്രമാണ് ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്നത് എന്നു ചിന്തിക്കാതിരിക്കുവാൻ നാം എന്തുകൊണ്ട് അധിക ജാഗ്രതയുള്ളവരായിരിക്കണം? എന്തുകൊണ്ടാണ് അതു നമുക്ക് സംഭവിക്കുവാൻ സാധ്യതയുള്ള ഒരു അപകട കെണിയാകുന്നത്?
3. "മനുഷ്യാവകാശം" എന്ന് സാധാരണ പരാമർശിക്കുന്നതിനെ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നതിൽ നമ്മുടെ വിശ്വാസം എന്ത് പങ്കു വഹിക്കണം?